**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 109** **16-09-2025 - ൽ മറുപടിയ്ക്ക്**

**മങ്കട പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി മങ്കട വില്ലേജിൽ കർക്കിടകം എന്ന സ്ഥലത്ത് സർവ്വേ നമ്പർ 48/1A ൽ ഉൾപ്പെട്ട ഭൂമിയിൽ നിന്ന് 50 സെന്റ് ഭൂമി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം നിബന്ധനകൾക്ക് വിധേയമായി പോലീസ് വകുപ്പിന് കൈമാറി നൽകുന്ന വിഷയം പരിശോധിച്ചിരുന്നു. വഴി സൗകര്യം കുറവുള്ള പ്രസ്തുത സ്ഥലം പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ വിവരം ജില്ലാ കളക്ടറെ അറിയിക്കുകയും മങ്കട വില്ലേജിൽ കടന്നമണ്ണ അംശം ദേശത്ത് വെറ്റിനറി ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 44/4 ൽ പെട്ട 54 സെന്റ് സ്ഥലത്തു നിന്നും കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായതും, ജനങ്ങൾക്ക് എത്തിച്ചേരുവാൻ എളുപ്പമുള്ളതും പെരിന്തൽമണ്ണ-മഞ്ചേരി സംസ്ഥാന പാതയോട് ചേർന്നുള്ളതുമായ 20 സെന്റ് സ്ഥലം ഏറ്റെടുത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി 17.01.2025-ലെ മങ്കട പഞ്ചായത്ത് ഭരണസമിതിയുടെ യോഗത്തിൽ തീരുമാനമായിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കണ്ടെത്തിയത് വിട്ടുകിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ പകരം സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | (എ)പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ